# ഹുദൈബിയാ സന്ധിയും രാജാക്കന്മാർക്കയച്ച കത്തുകളും

**അല്ലാഹുവിന്റെ** കൽപനപ്രകാരം ഹസ്രത്ത് ഇബ്റാഹീം നബി(അ)യും അദ്ദേഹത്തിന്റെ പുത്രൻ ഹസ്രത്ത് ഇസ്മാഈൽ നബി(അ)യും കൂടിയായിരുന്നു കഅ്ബ നിർമിച്ചത്. പ്രസ്തുത കേന്ദ്രത്തിൽനിന്ന് മുസ്‌ലിംകളെ പുറത്താക്കിയിട്ട് ഇപ്പോൾ ആറു വർഷമായി. കൂടാതെ ഇസ്‌ലാമിന്റെ പ്രധാന സംഭവങ്ങളിലൊന്നാണ് ഹജ്ജ്. അതിനാൽ കഅ്ബാലയത്തിലേക്ക് തീർഥാടനം ചെയ്യാൻ മുസ്‌ലിംകൾക്ക് തീവ്രമായ ആഗ്രഹമുണ്ടായി.

### കഅ്ബാ യാത്ര

അറബികൾ വർഷം മുഴുക്കെ യുദ്ധത്തിൽ വ്യാപൃതരായിരുന്നു. എങ്കിലും ഹജ്ജ് കാലത്ത് നാലു മാസങ്ങൾ അവർ യുദ്ധം നിർത്തിവെച്ചിരുന്നു. സമാധാനത്തോടെ കഅ്ബാ സന്ദർശനം നടത്തി തിരിച്ചുവരാൻ ജനങ്ങൾക്ക് സൗകര്യം ലഭിക്കാനായിരുന്നു ഇത്. ഹിജ്റ 6–ാം വർഷം ദുൽഖഅദിൽ കഅ്ബ സന്ദർശിക്കാൻ നബി തിരുമേനി ഉദ്ദേശിച്ചു. ഒട്ടേറെ മുഹാജിറുകളും അൻസ്വാറുകളും കഅ്ബ സന്ദർശിക്കാനുള്ള ഭാഗ്യവും പ്രതീക്ഷിച്ചിരിക്കയായിരുന്നു. അങ്ങനെ 1400 മുസ്‌ലിംകളോടൊപ്പം നബി(സ) യാത്രക്ക് തയാറെടുത്തു. ദുൽഹുലൈഫയിൽ എത്തി ബലിയുടെ പ്രാരംഭ ചടങ്ങുകൾ നിർവഹിച്ചു. മുസ്‌ലിംകളുടെ ഉദ്ദേശ്യം കഅ്ബാ സന്ദർശനം മാത്രമാണെന്ന് ഇതുവഴി വ്യക്തമായി. യുദ്ധത്തിനോ ആക്രമണത്തിനോ യാതൊരു സാധ്യതയുമുണ്ടായിരുന്നില്ല. എങ്കിലും മക്കയിൽ ചെന്ന് ഖുറൈശികളുടെ ഉദ്ദേശ്യങ്ങൾ അറിഞ്ഞുവരാൻ നബി(സ) ഒരാളെ വിട്ടു. മുഹമ്മദിനെ മക്കയിൽ പ്രവേശിക്കാനനുവദിക്കരുതെന്നും ഒന്നിച്ച് അവനെ നേരിടണമെന്നും ഖുറൈശികൾ എല്ലാ ഗോത്രങ്ങളെയും ഒരുമിച്ചുകൂട്ടി പറഞ്ഞതായി അയാൾ അറിയിച്ചു. മക്കക്കു പുറത്ത് സൈന്യശേഖരം നടത്തി മുസ്‌ലിംകള നേരിടാൻ പൂർണമായി തയാറെടുക്കണമെന്നായിരുന്നു നിർദേശം.

### ഖുറൈശികളുമായി സംഭാഷണം

ഈ വിവരം കിട്ടിയിട്ടും നബി(സ) മുന്നോട്ടു പ്രയാണം തുടർന്നു. ഹുദൈബിയ എന്ന സ്ഥലത്തെത്തി അവിടെ ക്യാമ്പ് ചെയ്തു. മക്കയിൽനിന്ന് അൽപമകലെ ഹുദൈബിയ എന്ന ഒരു കിണറുണ്ടായിരുന്നു. അതേ പേരു തന്നെ അവിടത്തെ ഗ്രാമത്തിനും കിട്ടി. ഇവിടത്തെ ഖുസാഅ ഗോത്രത്തലവൻ നബി(സ)യുടെ സന്നിധിയിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: ഖുറൈശികൾ യുദ്ധസന്നദ്ധരായി നിൽക്കുകയാണ്. മക്കയിൽ ചെല്ലാൻ അവർ അങ്ങയെ അനുവദിക്കില്ല. തിരുമേനി പറഞ്ഞു: “ഞങ്ങൾ ഉംറ ചെയ്യാനുള്ള ഉദ്ദേശ്യത്തോടെ മാത്രമാണ് വന്നിരിക്കുന്നതെന്ന് അവരോട് ചെന്നു പറയുക. യുദ്ധം ചെയ്യാൻ ഞങ്ങൾക്കുദ്ദേശ്യമില്ല. ഞങ്ങൾക്ക് കഅ്ബ ത്വവാഫ് ചെയ്യാനും സന്ദർശിക്കാനും അവസരം നൽകണം.” ഈ സന്ദേശം ഖുറൈശികളുടെ അടുക്കലെത്തിയപ്പോൾ ചില വികൃതികൾ പറഞ്ഞു: ‘ഞങ്ങൾക്ക് മുഹമ്മദിന്റെ സന്ദേശം കേൾക്കേണ്ട ആവശ്യമേയില്ല.’ പക്ഷേ ഈ പ്രധാനികളിലൊരാളായ ഉർവ പറഞ്ഞു: “അങ്ങനെയല്ല, നിങ്ങൾ എന്നെ ഭരമേൽപിക്കുക. ഞാൻ മുഹമ്മദുമായി സംഭാഷണം നടത്താം.” അങ്ങനെ ഉർവ തിരുസന്നിധിയിൽ ഹാജരായി. പക്ഷേ എന്തെങ്കിലുമൊരു തീർപ്പി

ലെത്തുന്നതിനിടയിൽ ഖുറൈശികൾ മുസ്‌ലിംകളെ ആക്രമിക്കാനായി ഒരു സൈനിക വ്യൂഹത്തെ അയച്ചു. അവർ തടവിലാക്കപ്പെട്ടു. എന്നാൽ നബി(സ) ദയാപൂർവം അവർക്ക് മാപ്പ് നൽകി അവരെ വിട്ടയച്ചു. സന്ധി സംഭാഷണം നടത്താൻ ഹ. ഉസ്മാ(റ)നെ മക്കയിലേക്കയക്കാൻ തീരുമാനിച്ചു. ഹസ്രത്ത് ഉസ്മാൻ(റ) മക്കയിലേക്ക് പോയി. പക്ഷേ, മുസ്‌ലിംകൾക്ക് കഅ്ബാ സന്ദർശനത്തിന് അവസരം നൽകുന്നതിന് ഒരു നിലക്കും ഖുറൈശികൾ സമ്മതിച്ചില്ല. മാത്രമല്ല ഹസ്രത്ത് ഉസ്മാ(റ)നെപ്പോലും അവർ തടയുകയാണുണ്ടായത്.

## റിദ്‌വാൻ പ്രതിജ്ഞ

അതിനിടെ ഹസ്രത്ത് ഉസ്മാൻ(റ) വധിക്കപ്പെട്ടതായ ഒരു വാർത്ത എങ്ങനെയോ മുസ്‌ലിംകളിൽ പ്രചരിച്ചു. ഈ വാർത്ത മുസ്‌ലിംകളെ അസ്വസ്ഥരാക്കി. വാർത്ത കേട്ടപ്പോൾ തിരുമേനി പറഞ്ഞു: ഇനി ഇപ്പോൾ ഉസ്മാ(റ)ന്റെ രക്തത്തിനു പകരം വീട്ടാതെ വയ്യ. ഇതും പറഞ്ഞ് തിരുമേനി ഒരു മരത്തിന്റെ ചുവട്ടിലിരുന്നു. ഖുറൈശികളോട് ഹസ്രത്ത് ഉസ്മാന്റെ രക്തത്തിനു പകരം ചോദിക്കുമെന്നും മരിച്ചാലും യുദ്ധത്തിൽനിന്ന് പിന്തിരിഞ്ഞോടുകയില്ലെന്നും എല്ലാ സ്വഹാബിമാരോടും പ്രതിജ്ഞ വാങ്ങി. ഈ വാക്കും പ്രതിജ്ഞയും മുസ്‌ലിംകളിൽ അത്ഭുതകരമായ ആവേശം സൃഷ്ടിച്ചു. ഓരോരുത്തരും രക്തസാക്ഷിത്വം വരിക്കാനുള്ള അഭിനിവേശത്തിൽ മതിമറന്ന് സത്യനിഷേധികളോട് പ്രതികാരം ചോദിക്കാൻ തയാറായി. ഈ പ്രതിജ്ഞക്ക് ബൈഅത്തുർറിദ്‌വാൻ (റിദ്‌വാൻ പ്രതിജ്ഞ) എന്ന് പറയുന്നു. ഇതേപ്പറ്റി ഖുർആനിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ തിരുമേനിയുടെ പുണ്യകരം ഗ്രഹിച്ചു പ്രതിജ്ഞ ചെയ്ത ഭാഗ്യവാന്മാരെക്കുറിച്ച് അല്ലാഹു സന്തുഷ്ടി പ്രകടിപ്പിക്കുകയുണ്ടായി.

## സന്ധിവ്യവസ്ഥ

മുസ്‌ലിംകളുടെ ഈ ആവേശത്തിമിർപ്പുകളെക്കുറിച്ച വാർത്തകൾ ഖുറൈശികൾക്കും കിട്ടി. അതേയവസരത്തിൽ ഹസ്രത്ത് ഉസ്മാ(റ)ന്റെ വധത്തെക്കുറിച്ച വാർത്ത ശരിയല്ലെന്ന വിവരം മുസ്‌ലിംകൾക്കും അറിവായി. സന്ധിസംഭാഷണം നടത്താനായി ഖുറൈശികൾ സുഹൈലുബ്നു അംറിനെ ദൂതനായി അയച്ചു. അദ്ദേഹവുമായി ദീർഘമായ സംഭാഷണം നടന്നുകൊണ്ടിരുന്നു. അവസാനം സന്ധിയിലെ ഉപാധികൾ തീരുമാനിക്കപ്പെട്ടു. ഉടമ്പടി പത്രം എഴുതാൻ ഹസ്രത്ത് അലി(റ) വിളിക്കപ്പെട്ടു. ഉടമ്പടി പത്രത്തിൽ 'ഇത് ദൈവദൂതനായ മുഹമ്മദിന്റെ ഭാഗത്തുനിന്നുള്ള കരാറാണ്' എന്നു എഴുതിയപ്പോൾ ദൈവദൂതൻ എന്ന പദം എഴുതാൻ പാടില്ലെന്ന് ഖുറൈശി പ്രതിനിധി സുഹൈൽ എതിർപ്പ് പ്രകടിപ്പിച്ചു. 'അതിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്'– അദ്ദേഹം പറഞ്ഞു. തിരുമേനി(സ) അദ്ദേഹം പറഞ്ഞത് അംഗീകരിച്ചു. തൃക്കരങ്ങളാൽ 'ദൈവദൂതൻ' എന്ന വാക്കുകൾ മായ്ച്ചുകൊണ്ട് തിരുമേനി പറഞ്ഞു: 'നിങ്ങൾ അംഗീകരിക്കില്ലെങ്കിലെന്താ? ദൈവത്താണാ ഞാൻ അല്ലാഹുവിന്റെ ദൂതൻതന്നെയാണ്.'

സന്ധിയിലെ വ്യവസ്ഥകൾ ഇതായിരുന്നു:

1. ഈ വർഷം മുസ്‌ലിംകൾ മടങ്ങിപ്പോകണം.
2. അടുത്ത വർഷം വന്ന് മൂന്നു ദിവസം തങ്ങി മടങ്ങിപ്പോകാം.
3. ആയുധസജ്ജരായി വരരുത്. വാൾ കൂടെ കൊണ്ടുവരാം. പക്ഷേ അത് ഉറയിൽതന്നെ വെക്കണം. പുറത്തെടുക്കരുത്.
4. മക്കയിൽ അവശേഷിക്കുന്ന മുസ്‌ലിംകളെ കൂടെ കൊണ്ടുപോവരുത്. മുസ്‌ലിംകൾ ആരെങ്കിലും മക്കയിലേക്ക് തിരിച്ചുവരാൻ ആഗ്രഹിക്കുകയാണെങ്കിൽ അവരെ തടയുകയുമരുത്.
5. മുസ്‌ലിംകളിലോ അമുസ്‌ലിംകളിലോ പെട്ട ആരെങ്കിലും മദീനയിലേക്ക് പോയാൽ അവരെ തിരിച്ചയക്കണം. എന്നാൽ മുസ്‌ലിംകളിൽ ആരെങ്കിലും മക്കയിലേക്ക് വരികയാണെങ്കിൽ അവരെ തിരിച്ചയക്കുന്നതല്ല.
6. മുസ്‌ലിംകളോ അവിശ്വാസികളോ ആരുമായും സന്ധിയിലേർപ്പെടാൻ അറബ് ഗോത്രങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കുന്നതാണ്.
7. ഈ സന്ധി ഏഴു വർഷം വരെ നിലനിൽക്കുന്നതാണ്.

ഈ നിബന്ധനകൾ മുഴുവൻ പ്രത്യക്ഷത്തിൽ മുസ്‌ലിംകൾക്ക് വിരുദ്ധമായിരുന്നു. മുസ്‌ലിംകൾ സമ്മർദത്തിനു വിധേയരായാണ് സന്ധി ചെയ്തതെന്നാണ് അതിൽനിന്ന് പ്രകടമായി തോന്നുക.

## ഹ. അബൂജൻദൽ സംഭവം

യാദൃച്ഛികമെന്ന് പറയട്ടെ, ഉടമ്പടി പത്രം എഴുതിക്കൊണ്ടിരിക്കെ സുഹൈലിന്റെ പുത്രൻ മക്കയിൽനിന്ന് ഓടി ഏതോ വിധത്തിൽ അവിടെ എത്തി. കാൽച്ചങ്ങലകൾ ധരിച്ച് മുസ്‌ലിംകളുടെ മുമ്പിൽ വന്നു വീണു തന്റെ സങ്കടങ്ങൾ കേൾപ്പിച്ചു. ഇസ്‌ലാം സ്വീകരിച്ചതിന്റെ ശിക്ഷയായി എന്തെല്ലാം കഷ്ടപ്പാടുകളാണ് തനിക്ക് അനുഭവിക്കേണ്ടിവന്നതെന്ന് അദ്ദേഹം വിവരിച്ചു. 'തിരുമേനീ, എന്നെ അവിശ്വാസികളുടെ മുഷ്ടിയിൽനിന്ന് മോചിപ്പിച്ച് കൂടെ കൂട്ടിയാലും'–അബൂജൻദൽ നബി(സ)യോട് അപേക്ഷിച്ചു. ഇത് കണ്ട സുഹൈൽ സന്ധിവ്യവസ്ഥകൾ പൂർത്തീകരിക്കേണ്ട ആദ്യത്തെ സന്ദർഭമാണിതെന്ന് പറഞ്ഞു. കരാർപത്രമനുസരിച്ച് നബി തിരുമേനിക്ക് അബൂജൻദലിനെ കൂടെകൊണ്ടുപോവാൻ പറ്റില്ലായിരുന്നു. വല്ലാത്തൊരു പ്രതിസന്ധിയായിരുന്നു ഇത്. ഒരുവശത്ത് കരാർ പാലിക്കേണ്ടതിന്റെ അനിവാര്യത. മറ്റൊരു വശത്ത് മർദിതനായ ഒരു മുസ്‌ലിം. ഇസ്‌ലാം സ്വീകരിച്ചതിന്റെ പേരിൽ മാത്രമാണ് അയാളുടെ മേൽ അക്രമ മർദനങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരുന്നത്. അയാൾ അഭ്യർഥിച്ചുകൊണ്ടിരിക്കുന്നു: അല്ലയോ മുസ്‌ലിം സഹോദരന്മാരേ, എന്നെ അവിശ്വാസികളുടെ കൈകളിലേക്ക് തന്നെ ഏൽപിച്ചുകൊടുക്കാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? ഈ സ്ഥിതിവിശേഷം കണ്ട മുസ്‌ലിംകൾ മുഴുവൻ ഞെരിപിരികൊണ്ടു. ഹസ്രത്ത് ഉമർ(റ) നബിതിരുമേനിയോട് ഇത്രപോലും പറഞ്ഞുപോയി: 'അങ്ങ് അല്ലാഹുവിന്റെ സത്യപ്രവാചകനാണെങ്കിൽ പിന്നെ എന്തിന് നാം ഈ അപമാനം സഹിക്കണം?' ചുരുക്കത്തിൽ കരാർ പത്രം പൂർത്തിയായിക്കഴിഞ്ഞി

രുന്നു. കരാർ പത്രത്തിലെ വ്യവസ്ഥയനുസിരച്ച് അബൂജൻദലി(റ)ന് മടങ്ങിപ്പോവേണ്ടിവന്നു. ഇസ്‌ലാമിലെ ത്യാഗസന്നദ്ധരായ ഭടന്മാർ നബിയോടുള്ള അനുസരണത്തിന്റെ തീവ്രമായ ഒരു പരീക്ഷണം തരണം ചെയ്യുകയും ചെയ്തു. ഒരു വശത്ത് പ്രത്യക്ഷത്തിൽ ഇസ്‌ലാമിന് അപമാനകരമെന്ന് തോന്നുമാർ അബൂജൻദലിന്റെ ദയനീയാവസ്ഥ. മറുവശത്ത് യാതൊരു എതിർപ്പുമില്ലാത്ത അനുസരണം.

തിരുമേനി(സ) അബൂജൻദലിനോടു പറഞ്ഞു: "അബൂജൻദൽ, ക്ഷമയോടും സ്ഥൈര്യത്തോടും പ്രവർത്തിക്കുക. അല്ലാഹു നിങ്ങൾക്കും ഇതര മർദിതർക്കും വേണ്ടി എന്തെങ്കിലും വഴി തുറന്നുതരും. ഇപ്പോൾ സന്ധിപൂർത്തിയായിക്കഴിഞ്ഞിരിക്കുന്നു. ഇവരോടു കരാർ ലംഘനം നടത്താൻ ഞങ്ങൾക്ക് സാധ്യമല്ല." അങ്ങനെ അബൂജൻദലിനു കാൽച്ചങ്ങല വലിച്ചു മടങ്ങിപോരേണ്ടിവന്നു.

## ഹുദൈബിയാ സന്ധിയുടെ ഫലങ്ങൾ

ഉടമ്പടി പത്രം പൂർത്തിയായശേഷം അവിടെ വെച്ചുതന്നെ ബലികർമം നടത്താൻ തിരുമേനി ജനങ്ങളോട് കൽപിച്ചു. ആദ്യം നബി(സ) സ്വയം ബലിനടത്തി തലമുടി മുണ്ഡനം ചെയ്തു. അതിനുശേഷം സ്വഹാബികൾ കൽപന പ്രാവർത്തികമാക്കി. സന്ധിക്കുശേഷം നബി(സ) മൂന്ന് ദിവസം ഹുദൈബിയയിൽതന്നെ താമസിച്ചു. മടക്കത്തിൽ സൂറത്തുൽ ഫതഹ് അവതരിച്ചു. അതിൽ ഈ സന്ധിസംഭവത്തെ സൂചിപ്പിച്ചു അതിനെ 'ഫത്ഹുൻ മുബീൻ'-സ്പഷ്ടമായ വിജയം- എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ഏതൊരു വ്യവസ്ഥകളനുസരിച്ച് മുസ്‌ലിംകൾ സന്ധിചെയ്യാൻ സമ്മർദവിധേയരായോ അതിനെ സ്പഷ്ടമായ വിജയം എന്ന് വിശേഷിപ്പിക്കുക എന്നത് പ്രത്യക്ഷത്തിൽ വിചിത്രമായ ഒരു കാര്യമായിരുന്നു. എന്നാൽ, പിൽക്കാല സംഭവങ്ങൾ ഹുദൈബിയാ സന്ധി യഥാർഥത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ വിജയത്തിന്റെ മുന്നോടിയായിരുന്നുവെന്ന് വ്യക്തമായി തെളിയിച്ചു. അതിന്റെ വിശദാംശങ്ങൾ ഇതാണ്.

ഇതേവരെ മുസ്‌ലിംകൾക്കും അവിശ്വാസികൾക്കുമിടയിൽ യുദ്ധാവസ്ഥയായിരുന്നു നിലനിന്നിരുന്നത്. ഇരുവിഭാഗങ്ങൾക്കും പരസ്പരം ഒരുമിച്ച് കഴിയാനുള്ള ഒരവസരവും ലഭിച്ചിരുന്നില്ല. ഈ സന്ധിയിലെ വ്യവസ്ഥകൾ ഈ അവസ്ഥക്ക് വിരാമമിട്ടു. ഇപ്പോൾ മുസ്‌ലിംകളും അവിശ്വാസികളും അന്യോന്യം ഇടകലർന്ന് കഴിയാൻ തുടങ്ങി. പരസ്പരം കുടുംബബന്ധങ്ങളും വ്യാപാര ബന്ധങ്ങളും ആരംഭിച്ചു. അമുസ്‌ലിംകൾ നിർഭയരായി മദീനയിൽ വന്ന് മാസങ്ങളോളം അവിടെ താമസിച്ച് മുസ്‌ലിംകളുമായി കൂടിക്കഴിഞ്ഞു. ഇത് മുഖേന അവർക്ക് പുതിയ ഇസ്‌ലാമിക സൊസൈറ്റിയിലെ ആളുകളെ അടുത്തുനിന്ന് വീക്ഷിക്കാൻ അവസരം ലഭിച്ചു. ഇവിടെ വന്ന അവരിൽ അത്ഭുതകരമായ പ്രതികരണങ്ങളുളവായി. ഏതൊരു വിഭാഗത്തിന്നെതിരിൽ അവരുടെ ഹൃദയങ്ങളിൽ വെറുപ്പും വിദ്വേഷവും നിറഞ്ഞുനിന്നിരുന്നുവോ അവരുടെ സ്വഭാവം, വ്യവഹാരം, സമ്പ്രദായങ്ങൾ എന്നിവയിൽ തങ്ങളുടെ ആളുകളേക്കാൾ എത്രയോ ഉന്നതരായാണവർ കണ്ടെത്തിയത്. അല്ലാഹുവിന്റെ ഏതൊരു അടിമകൾക്കെതിരിലാണോ തങ്ങൾ യുദ്ധോദ്യുക്തരായിരുന്നത് അവരുടെ ഹൃദയങ്ങളിൽ തങ്ങൾക്കെതിരിൽ യാതൊരു ശത്രുതയും വിദ്വേഷവുമില്ലെന്ന് അവർ കണ്ടു. പ്രത്യുത അവർക്ക് വല്ല വെറുപ്പുമുണ്ടായിരുന്നെങ്കിൽ അത് തങ്ങളുടെ തെറ്റായ വിശ്വാസാചാരങ്ങളോടു മാത്രമായിരുന്നു. മുസ്‌ലിംകളുടെ ഓരോ വാക്കും മനുഷ്യത്വവും സഹാനുഭൂതിയും നിറഞ്ഞതായിരുന്നു. ഇത്രയും യുദ്ധങ്ങൾ നടന്നിട്ടും മുസ്‌ലിംകൾ അവരോടുള്ള മാനുഷിക സഹാനുഭൂതിയിലും സൽപെരുമാറ്റത്തിലും യാതൊരു കുറവും വരുത്തുന്നില്ല. കൂടാതെ ഈ പരസ്പര സമ്പർക്കം കാരണം ഇസ്‌ലാമിനെ സംബന്ധിച്ച സംശയങ്ങളെയും വിയോജിപ്പുകളെയും കുറിച്ച് അന്യോന്യം ചർച്ചചെയ്യാനും അമുസ്‌ലിംകൾക്ക് നല്ല അവസരം ലഭിച്ചു. തങ്ങൾ ഇസ്‌ലാമിനെക്കുറിച്ച് എന്തുമാത്രം തെറ്റിദ്ധാരണകളിലാണ് അകപ്പെട്ടിരിക്കുന്നതെന്ന് അമുസ്‌ലിംകൾക്ക് മനസ്സിലായി. ചുരുക്കത്തിൽ ഈ സ്ഥിതിവിശേഷം അമുസ്‌ലിം മനസ്സുകളെ സ്വയം ഇസ്‌ലാമിലേക്ക് ആകർഷിക്കത്തക്ക ചില സാഹചര്യങ്ങൾ സൃഷ്ടിച്ചു. സ്വന്തം നേതാക്കൾ തങ്ങളുടെ ഹൃദയങ്ങളിൽ ഇട്ട തെറ്റിദ്ധാരണകളുടെ തിരശ്ശീലകൾ മുഴുവൻ ഉയരാൻ തുടങ്ങി. അങ്ങനെ ഈ ഉടമ്പടിക്ക് ശേഷം മൂന്നര വർഷത്തിനുള്ളിൽ മുമ്പത്തേക്കാൾ എത്രയോ ആളുകൾ ഇസ്‌ലാം ആശ്ലേഷിച്ചു. ഈ ഘട്ടത്തിൽ ഖുറൈശി പ്രമുഖരിൽ ചിലർ പോലും ഇസ്‌ലാമിന്റെ സ്വാധീനത്തിന് വശംവദരായി അമുസ്‌ലിംകളുമായി ബന്ധം വിഛേദിച്ച് മുസ്‌ലിംകളുടെ കൂടെക്കൂടി. ഹസ്രത്ത് ഖാലിദുബ്നു വലീദ് (റ), ഹ. അംറുബ്നുൽ ആസ് തുടങ്ങിയവർ ഇക്കാലത്താണ് ഇസ്‌ലാം സ്വീകരിച്ചത്. ഇതോടെ പുരാതന ജാഹിലിയ്യത്ത് സ്വന്തം മരണത്തെ വ്യക്തമായി കാണത്തക്കവിധം ഇസ്‌ലാമിന്റെ സ്വാധീനം വ്യാപിക്കുകയും ശക്തി വർധിക്കുകയും ചെയ്തു. ഈ സ്ഥിതിവിശേഷം മനസ്സിലാക്കി അവിശ്വാസികളുടെ നേതൃത്വം വിഭ്രാന്തരായി ഉണർന്നെഴുന്നേറ്റു. ഇസ്‌ലാമിനെ നേരിടുന്നതിൽ തങ്ങൾ ഉറപ്പായും പരാജയപ്പെടാൻ പോവുകയാണെന്ന് ഖുറൈശികൾ വ്യക്തമായി കണ്ടു. ഇനി കഴിയുംവേഗം ഉടമ്പടി ലംഘിക്കുകയും ഇസ്‌ലാമിക പ്രസ്ഥാനത്തിനെതിരിൽ ഒരിക്കൽകൂടി ഭാഗ്യപരീക്ഷണം നടത്തുകയും അങ്ങനെ എല്ലാ വിധത്തിലും വ്യാപിച്ചുവരുന്ന ഈ പ്രളയത്തെ പ്രതിരോധിക്കുകയുമല്ലാതെ മറ്റൊരു മാർഗവും അവർ കണ്ടില്ല. ഈ കരാർ ലംഘനത്തിന്റെ പരാമർശം മക്കാവിജയത്തെ സംബന്ധിച്ച ഭാഗത്തിൽ ഉചിത സന്ദർഭത്തിൽ വരുന്നതാണ്.

## രാജാക്കന്മാർക്കയച്ച കത്തുകൾ

ഹുദൈബിയാസന്ധി മുഖേന അൽപം സമാധാനനില കൈവന്നപ്പോൾ തിരുമേനി പ്രബോധന പ്രചാരണ പ്രവർത്തനങ്ങളിൽ കുറേകൂടി ശ്രദ്ധ ചെലുത്തി. ഒരു ദിവസം തിരുമേനി അനുചരന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "ജനങ്ങളേ, സമസ്ത ലോകത്തിനും കാരുണ്യമായിക്കൊണ്ടാണ് അല്ലാഹു

എന്നെ നിയോഗിച്ചിട്ടുള്ളത്. (എന്റെ സന്ദേശം ലോകത്തിനു മുഴുവനുമുള്ളതാണ്. അത് എല്ലാവർക്കും അനുഗ്രഹമാണ്). നോക്കൂ, ക്രിസ്തുവിന്റെ അനുചരന്മാരെപ്പോലെ നിങ്ങൾ ഭിന്നിക്കരുത്. പോവുക, എനിക്കുവേണ്ടി എല്ലാവർക്കും സത്യസന്ദേശം എത്തിച്ചുകൊടുക്കുക."

ഇതേ കാലത്തുതന്നെ, അതായത് ഹി. 6–ന്റെ അവസാനത്തിലോ 7–ന്റെ ആരംഭത്തിലോ നബി തിരുമേനി പ്രമുഖരായ മഹാരാജാക്കന്മാർക്ക് പ്രബോധന സംബന്ധിയായ കത്തുകളും എഴുതി. ഈ കത്തുകളുമായി വിവിധ അനുയായികൾ വിവിധ രാജ്യങ്ങളിലേക്ക് അയക്കപ്പെട്ടു. പ്രസ്തുത പ്രബോധനസന്ദേശങ്ങളുടെ വിശദാംശം ചരിത്രത്തിൽ നമുക്ക് ലഭിച്ചിട്ടുണ്ട്. അവയിൽ ചിലത് ഇതാണ്:

റോമയിലെ കൈസറി(സീസർ)ന്റെ പേരിൽ അയച്ച കത്ത് ഹസ്രത്ത് ദഹിയ്യത്തുൽ കൽബി(റ) കൊണ്ടുപോയി.

ഇറാനിലെ ഖുസ്രു പർവേസ് ഷായുടെ പേരിൽ അയച്ച കത്ത് ഹസ്രത്ത് അബ്ദുല്ലാഹിബ്നു ഖുസാഫ സഹ്‌വി എത്തിച്ചു.

ഈജിപ്ത് ഭരണാധികാരിയുടെ പേരിൽ ഹസ്രത്ത് ഹാത്വിബുബ്നു അബീബൽതഅ വഴി. എത്യോപ്യൻ ചക്രവർത്തി നജ്ജാശി(നേഗസ്)യുടെ പേരിൽ ഹസ്രത്ത് ഉമറുബ്നു ഉമയ്യ വഴി.

### റോമൻ ചക്രവർത്തിയുടെ പേരിൽ അയച്ച കത്ത്

റോമായിലെ സീസറി(കൈസറി)ന്റെ പേരിൽ അയച്ച കത്ത് ഇതായിരുന്നു:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

ദൈവദാസനും പ്രവാചകനുമായ മുഹമ്മദിൽനിന്ന് റോമായിലെ മുഖ്യ ഭരണാധികാരി ഹിർഖലി(ഹെർക്കുലീസി)ന്.

സന്മാർഗം പിൻപറ്റിയവരുടെ മേൽ ദൈവരക്ഷയുണ്ടാവട്ടെ. ഇസ്‌ലാമിക സന്ദേശത്തിലേക്ക് ഞാൻ താങ്കളെ ക്ഷണിച്ചുകൊള്ളുന്നു.

ദൈവത്തോട് അനുസരണയും കൂറും പുലർത്തുകയാണെങ്കിൽ മോക്ഷം ലഭിക്കുന്നതാണ്. എങ്കിൽ ദൈവം താങ്കൾക്കും ഇരട്ടി പ്രതിഫലം നൽകും. അല്ലാഹുവോട് കൂറു പുലർത്തുന്നതിൽ നിങ്ങൾ പരാങ്മുഖത കാണിക്കുകയാണെങ്കിലാവട്ടെ സ്വന്തം രാജ്യനിവാസികളുടെ പാപഭാരം കൂടി താങ്കൾ പേറേണ്ടിവരും. എന്തുകൊണ്ടെന്നാൽ താങ്കളുടെ നിരാകരണം മൂലം ഇസ്‌ലാമികപ്രബോധനം അവർക്കും എത്തിക്കാൻ സാധിക്കാതെ വരും.

### അബൂസുഫ്‌യാനുമായി സംഭാഷണം

ഹ. ദഹിയ്യത്തുൽ കൽബി റോമായിലെ സീസറിന്റെ പ്രതിനിധിയായി അന്നു സിറിയ ഭരിച്ചിരുന്ന ഹാരിസ് ഗസ്സാനിക്ക് ഈ എഴുത്ത് ബസറയിൽ ചെന്നു കൊടുത്തു. അദ്ദേഹം അത് സീസറിന് എത്തിച്ചു. എഴുത്ത് കിട്ടിയ സീസർ അറബികളിൽപെട്ട ആരെങ്കിലും നാട്ടിലുണ്ടെങ്കിൽ അയാളെ കൊട്ടാരത്തിലെത്തിക്കാൻ കൽപിച്ചു. ഈ സമയം അബൂസുഫ്‌യാൻ വ്യാപാരാവശ്യാർഥം പ്രസ്തുത പ്രദേശത്ത് പോയിരുന്നു. സീസറിന്റെ ഉദ്യോഗസ്ഥന്മാർ അദ്ദേഹത്തെ ദർബാറിലെത്തിച്ചു. അദ്ദേഹവുമായി അവിടെവെച്ച് നടന്ന സംഭാഷണമാണ് ചുവടെ:

"സീസർ: പ്രവാചകത്വവാദിയുടെ കുടുംബം എങ്ങനെ?

അബൂ: കുലീന കുടുംബത്തിൽപെട്ടവനാണ് അദ്ദേഹം.

സീസർ: ഈ കുടുംബത്തിൽ മറ്റുവല്ലവരും പ്രവാചകത്വം വാദിച്ചിട്ടുണ്ടോ?

അബൂ: ഇല്ല.

സീസർ: ഈ കുടുംബത്തിൽ എപ്പോഴെങ്കിലും രാജാക്കന്മാർ ഉണ്ടായിരുന്നോ?

അബൂ: ഒരിക്കലുമില്ല.

സീസർ: ഈ മതം സ്വീകരിച്ചവർ ദുർബല വിഭാഗമോ അതോ സമ്പന്നരോ?

അബൂ: ദുർബല വിഭാഗം.

സീസർ: അദ്ദേഹത്തിന്റെ അനുയായികൾ വർധിക്കുകയാണോ?

അബൂ: നന്നായി വർധിച്ചുകൊണ്ടിരിക്കുകയാണ്.

സീസർ: വല്ലപ്പോഴും അദ്ദേഹം കളവ് പറഞ്ഞതായി നിങ്ങൾക്കറിയാമോ?

അബൂ: ഒരിക്കലുമില്ല.

സീസർ: വല്ലപ്പോഴും കരാർ ലംഘിച്ചിട്ടുണ്ടോ?

അബൂ: ഇതേവരെ കരാർ ലംഘന സംബന്ധിയായ ഒരു കാര്യവും അദ്ദേഹത്തിൽനിന്നുണ്ടായിട്ടില്ല. ഇപ്പോൾ പുതിയൊരു കരാറുണ്ടായിട്ടുണ്ട് (ഹുദൈബിയാ സന്ധി). അതിൽ ഉറച്ചുനിൽക്കുമോ ഇല്ലേ എന്നു കണ്ടറിയണം.

സീസർ: നിങ്ങൾ വല്ലപ്പോഴും അദ്ദേഹവുമായി യുദ്ധത്തിലേർപ്പെട്ടിട്ടുണ്ടോ?

അബൂ: ഉണ്ട്.

സീസർ: യുദ്ധത്തിന്റെ അനന്തരഫലമെന്തായിരുന്നു?

അബൂ: ചിലപ്പോൾ ഞങ്ങൾ ജയിക്കും. ചിലപ്പോൾ അദ്ദേഹം ജയിക്കും.

സീസർ: അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ എന്തൊക്കെയാണ്?

അബൂ: ഒരേ ദൈവത്തിനു മാത്രമേ അടിമപ്പെടാവൂ. മറ്റാരെയും അവന് പങ്കാളിയാക്കിവെക്കരുത്. പരിശുദ്ധി കൈക്കൊള്ളുക. സത്യം പറയുക. പരസ്പരം കരുണയോടും സഹാനുഭൂതിയോടും പെരുമാറുക. ഇതൊക്കെയാണ് അദ്ദേഹം പഠിപ്പിക്കുന്നത്.

ഈ സംഭാഷണാനന്തരം സീസർ പറഞ്ഞു: പ്രവാചകൻ എപ്പോഴും കുലീന കുടുംബത്തിലാണ് ജനിക്കാറ്. അദ്ദേഹത്തിന്റെ ഗോത്രത്തിൽ മറ്റു വല്ലവരും പ്രവാചകത്വം വാദിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ അവകാശവാദം കുടുംബത്തിന്റെ സ്വാധീനഫലമാണെന്ന് കരുതാമായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ വല്ല രാജാക്കന്മാരുമുണ്ടായിരുന്നെങ്കിൽ അധികാരമോഹത്താലാണ് ഇതെല്ലാം അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് ധരിക്കാമായിരുന്നു. മനുഷ്യരുമായുള്ള ഇടപാടിൽ അദ്ദേഹം ഒരിക്കലും കള്ളം പറയാ

റില്ല എന്നാണ് അനുഭവമെങ്കിൽ ദൈവത്തിന്റെ കാര്യത്തിൽ (ദൈവം തന്നെ പ്രവാചകനാക്കിയിരിക്കുന്നു എന്ന കാര്യത്തിൽ) ഇത്ര വലിയ വ്യാജം അദ്ദേഹം എഴുന്നള്ളിക്കുമെന്ന് എങ്ങനെ പറയാൻ കഴിയും? തുടക്കത്തിൽ പ്രവാചകന്മാരുടെ അനുയായികൾ എന്നും പാവങ്ങളായിരുന്നു എന്നതും ഒരനുഭവ യാഥാർഥ്യമത്രെ. സത്യമതം എപ്പോഴും അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെയിരിക്കും. പ്രവാചകൻ ഒരിക്കലും ആരെയും വഞ്ചിക്കാറില്ല എന്നതും ശരിയാണ്. അദ്ദേഹം നമസ്കരിക്കാനും സംശുദ്ധി പുലർത്താനും ദൈവികഭക്തി നിലനിർത്താനും ഉപദേശിക്കുന്നുവെന്നും നിങ്ങൾ പറയുന്നു. ഇതെല്ലാം ശരിയാണെങ്കിൽ എന്നെങ്കിലും ഒരു ദിനം അദ്ദേഹത്തിന്റെ അധികാരശക്തി എന്റെ ഭരണകൂടത്തെയും കീഴ്പെടുത്തുമെന്ന് എനിക്ക് ഉറപ്പാണ്. ഒരു പ്രവാചകൻ വരാനിരിക്കുന്നുണ്ടെന്ന വസ്തുതയും എനിക്കറിയാം. പക്ഷേ, അദ്ദേഹം അറേബ്യയിൽ ജനിക്കുമെന്ന ധാരണ എനിക്കില്ലായിരുന്നു. എനിക്ക് അവിടെ ചെല്ലാൻ സാധിക്കുകയാണെങ്കിൽ ഞാൻ സ്വയം അദ്ദേഹത്തിന്റെ പാദങ്ങൾ കഴുകിക്കൊടുക്കും."

സീസറിന്റെ ഈ വിചാരഗതികൾ ശ്രദ്ധിച്ചപ്പോൾ അദ്ദേഹത്തിന്റെ ദർബാർ പുരോഹിതനും മതപണ്ഡിതന്മാർക്കും കടുത്ത അസംതൃപ്തിയുളവായി. സീസറിനെതിരിൽ കലാപം പൊട്ടിപ്പുറപ്പെടുമോ എന്ന ആശങ്കയുമുണ്ടായി. ഈ ആശങ്കയിൽ സീസറിന്റെ ഹൃദത്തിൽ ജന്മംകൊണ്ട പ്രകാശം കെട്ടുമങ്ങി. സത്യം സ്വീകരിക്കുന്നതിൽ ഏറ്റവും വലിയ പ്രതിബന്ധം സമ്പത്തും അധികാരവുമാണെന്നത് വളരെ ശരിയാണ്.

## ഇറാൻ ഷായുടെ പേരിൽ

ഇറാൻ ഷാ ഖുസ്രു പർവേസിന്റെ പേരിൽ അയച്ച കത്ത് ഇതായിരുന്നു:

"പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ തിരുനാമത്തിൽ. ദൈവദൂതനായ മുഹമ്മദിൽ നിന്ന് പേർഷ്യയിലെ മുഖ്യ ഭരണാധികാരി കിസ്രായുടെ പേർക്ക്. സന്മാർഗം അനുധാവനം ചെയ്യുകയും ദൈവത്തിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹു ഒഴികെ മറ്റൊരു ആരാധ്യനുമില്ലെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നവന്ന് രക്ഷയുണ്ടാവട്ടെ. മനുഷ്യസഞ്ചയത്തിനാകമാനം ദൈവത്താൽ നിയുക്തനായ പ്രവാചകനാണു ഞാൻ. എല്ലാ അഹങ്കാരികൾക്കും (ദൈവധിക്കാരത്തിന്റെ) ദുരന്തത്തെക്കുറിച്ച് ഞാൻ താക്കീത് ചെയ്തുകൊള്ളുന്നു. ദൈവത്തോട് അനുസരണയും കൂറും പുലർത്തുകയാണെങ്കിൽ താങ്കൾക്കും മോക്ഷം സിദ്ധിക്കും. അല്ലാത്ത പക്ഷം അഗ്നിയാരാധകരായ മജൂസികളുടെ നാശംകൂടി താങ്കളുടെ പിരടിയിലായിരിക്കും."

പ്രതാപശാലിയായ ചക്രവർത്തിയായിരുന്നു ഖുസ്രു പർവേസ്. ആദ്യം ദൈവനാമം. പിന്നെ കത്തെഴുതുന്ന ആളുടെപേര്. അതിനുശേഷം ചക്രവർത്തിയുടെ പേര്. അതും വളരെ സാധാരണ ശൈലിയിൽ. സ്ഥാനപ്പേരുകളോ ആചാരമര്യാദകളോ അദ്ദേഹത്തിന്റെ അടുക്കൽ നടപ്പിലുള്ള എഴുത്ത് സമ്പ്രദായമോ ഒന്നുമില്ല. ഇത്തരത്തിൽ കത്തെഴുതുന്ന ശൈലിതന്നെ അദ്ദേഹത്തിന് കടുത്ത അസഹ്യത ഉളവാക്കുന്നതായിരുന്നു. ഈ കത്ത് കണ്ടപ്പോൾ അദ്ദേഹം അട്ടഹസിച്ചു: 'എന്റെ അടിമയായിക്കൊണ്ട് ഇപ്രകാരമെഴുതുകയോ?' ഇതു പറഞ്ഞ് തിരുവെഴുത്ത് പിച്ചിച്ചീന്തി. ആ പ്രവാചകത്വവാദിയെ പിടിച്ച് തന്റെ മുമ്പിൽ ഹാജരാക്കാൻ യമനിലെ ഗവർണർക്ക് ഉത്തരവിടുകയും ചെയ്തു.

തിരുമേനിയെ വിളിച്ചുകൊണ്ടുവരാൻ യമനിലെ ഗവർണർ രണ്ടാളുകളെ തിരുസന്നിധിയിലേക്ക് അയച്ചു. ഇതിനിടയിൽ ഖുസ്രുപർവേസിന്റെ പുത്രൻ അദ്ദേഹത്തെ വധിച്ചു സ്വയം സിംഹാസനാരോഹണം ചെയ്യുകയുണ്ടായി. ഗവർണർ നിയോഗിച്ച രണ്ടുപേരും തിരുസന്നിധിയിൽ ഹാജരായപ്പോൾ തങ്ങളുടെ ചക്രവർത്തി വധിക്കപ്പെട്ട വിവരം അവർക്കുണ്ടായിരുന്നില്ല. ദൈവകൽപന പ്രകാരം നബിതിരുമേനിക്ക് ഈ വിവരം കിട്ടിക്കഴിഞ്ഞിരുന്നു. അങ്ങനെ തിരുമേനി ആ രണ്ട് ആളുകൾക്കും പ്രസ്തുത സംഭവത്തെപ്പറ്റി വിവരം നൽകിക്കൊണ്ട് പറഞ്ഞു: 'നിങ്ങൾ മടങ്ങിപ്പോയി ഇസ്‌ലാമിക ഭരണം ഖുസ്രുവിന്റെ ആസ്ഥാനം വരെ എത്തുന്നതാണെന്ന് ഗവർണറോട് പറഞ്ഞേക്കുക'. യമനിൽ മടങ്ങി എത്തിയപ്പോൾ ഖുസ്രു പർവേസിന്റെ വധവൃത്താന്തം ശരിയാണെന്ന് അവർക്ക് മനസ്സിലായി.

## നേഗസിന്റെയും ഈജിപ്ഷ്യൻ ഭരണാധികാരിയുടെയും പേരിൽ

ഏതാണ്ട് ഇതേ വിഷയസംബന്ധിയായ കത്ത് അബ്സീനിയ (എത്യോപ്യ)യിലെ നജ്ജാശി(നേഗസ്) ചക്രവർത്തിക്കും അയക്കുകയുണ്ടായി. അതിനു മറുപടിയായി അദ്ദേഹം എഴുതി: "അങ്ങ് ദൈവത്തിന്റെ സത്യപ്രവാചകനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു." ഹിജ്റ ചെയ്ത ഹ. ജഅ്ഫറി(റ)ന്റെ കൈയാൽ നേഗസ് ഇസ്‌ലാം ആശ്ലേഷിച്ചിരുന്നു. അബ്സീനിയാ പലായനത്തോടനുബന്ധിച്ച് അതേസംബന്ധിച്ച പരാമർശം മുമ്പ് വന്നിട്ടുണ്ട്.

ഈജിപ്ഷ്യൻ ഭരണാധികാരി കത്ത് വായിച്ച് ഇസ്‌ലാം ആശ്ലേഷിക്കുകയുണ്ടായില്ലെങ്കിലും കത്തുമായി വന്ന ദൂതന്മാരെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകി അവരെ തിരിച്ചയക്കുകയുമുണ്ടായി. ●

*(ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച അബൂസലീം അബ്ദുൽ ഹയ്യിന്റെ 'നബിയുടെ ജീവിതം' എന്ന പുസ്തകത്തിൽനിന്ന്).*